# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6432** **03.04.2018 ലെ മറുപടി**

**ചിത്താരി റഗുലേറ്റർ- കം- ബ്രിഡ്ജ് ഉപയോഗപ്രദമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.കുഞ്ഞിരാമൻ :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് ഉപയോഗശൂന്യമായിട്ട് എത്ര വർഷമായി; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) കാസർഗോഡ് ജില്ലയിലെ ജില്ലയിലെ ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജ് ഉപയോഗശൂന്യമായിട്ട് 30 വർഷത്തിലധികമായി. |
| (ബി) ഈ പദ്ധതി ഉപയോഗപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) ഉണ്ട്. 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് കിഫ്ബിയുടെ ധന സഹായത്തോടെ നിലവിലുള്ള റെഗുലേറ്ററിന്റെ മുകൾഭാഗത്തായി പുതിയ ഉപ്പുവെള്ള പ്രതിരോധ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KIIDC മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) ജില്ലയിലെ തീരദേശമേഖലയിലടക്കം കുടി വെള്ളത്തിനും കാർഷിക ജലസേചനത്തിനും ഏറെ ഉപകരിക്കുന്നതായിരിക്കും ഈ പദ്ധതി എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ജലസേചന പദ്ധതികൾ കുറവുള്ള കാസർഗോഡ് ജില്ലയിൽ ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് അനുമതി നല്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**